നം. 44377/ ഡിസി 1/2011/ത.സ്വ.ഭ.വ

തദ്ദേശ സ്വയം ഭരണ (ഡിസി) വകുപ്പ്
തിരുവനന്തപുരം, തിയതി : 23 /09/2011

# സർക്കുലർ

വിഷയം :- ശുചിത്വ മിഷൻ - സമ്പൂർണ്ണ ശുചിത്വ യജ്ഞം - ശുചിത്വോത്സവം - 2011 - ഒക്ടോബർ 2 മുതൽ നവംബർ 4 വരെ കാമ്പയിൻ സംഘടിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:- കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം കുടിവെള്ളവും ശുചിത്വവും വകുപ്പ് സെക്രട്ടറിയുടെ 09.08.3011, 12.08.2011 തീയതികളിലെ നമ്പർ ഡബ്ളിയു - 11042/13/ 2011/ സി.ആർ.എസ്.പി. പ്രകാരം കത്തുകൾ

നിർമ്മൽ ഭാരതം എന്ന അത്യന്തിക ലക്ഷ്യം മുൻനിർത്തി രാജ്യത്താകെ നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ ശുചിത്വ യജ്ഞ പ്രവർത്തനങ്ങളുടെ ആക്കം കൂട്ടുന്നതിനുവേണ്ടി 2011 ഒക്ടോബർ 2 മുതൽ നവംബർ 4 വരെ നീണ്ടു നിൽക്കുന്ന 'ശുചിത്വോത്സവം' ദേശീയ കാമ്പയിൻ സംഘടിപ്പിക്കണമെന്ന് സൂചന കത്തുകൾ പ്രകാരം കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശാനുസരണം സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളുടേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ നിലവിലെ ശുചിത്വാരോഗ്യ മേഖലയിലെ സവിശേഷതകളും പ്രശ്നങ്ങളും പരിഗണിച്ചുകൊണ്ട് 2011 ഒക്ടോബർ 2 മുതൽ നവംബർ 4 വരെ "ശുചിത്വോത്സവം-2011" സംഘടിപ്പിക്കേണ്ടതാണ്. ശുചിത്വോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ എല്ലാ തലങ്ങളിലുമുള്ള ജനപ്രതിനിധികളേയും പങ്കെടുപ്പിക്കേണ്ടതാണ്. ശുചിത്വോത്സവം-2011 വിജയിപ്പിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ 2011 സെപ്റ്റംബർ 15 മുതൽ 30 വരെ സംഘടിപ്പിക്കേണ്ടതാണ്.

എല്ലാവിഭാഗം ജനങ്ങളിലും ശുചിത്വ മനോഭാവവും ശീലവും വളർത്തുക. എല്ലാ കുടുംബങ്ങൾക്കും കക്കൂസ് സൗകര്യം ലഭ്യമാക്കുക. ഖര-ദ്രവ മാലിന്യങ്ങൾ ഉത്പാദിപ്പിക്കുന്ന സ്ഥലത്ത് തന്നെ വേർതിരിക്കുകയും വിവിധങ്ങളായ സാങ്കേതിക വിദ്യകൾ സ്വീകരിച്ചുകൊണ്ട് സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്ത് ഗ്രാമങ്ങളും നഗരങ്ങളും വൃത്തിയായി സൂക്ഷിക്കുക. ഓഫീസുകൾ, സ്കൂളുകൾ ഇതരസ്ഥാപനങ്ങൾ വൃത്തിയും ശുചിത്വ സൗകര്യങ്ങളുമുള്ള താക്കുക എന്നീ പ്രധാന സന്ദേശങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളായിരിക്കണം ഓരോ സംസ്ഥാന, ജില്ല, ബ്ലോക്ക്, നഗരസഭ, ഗ്രാമപഞ്ചായത്ത്, സ്ഥാപന തലങ്ങളിൽ ഏറ്റെടുക്കേണ്ടത്. ഇതിലേയ്ക്ക് എല്ലാ തലങ്ങളിലും സംഘാടക സമിതികൾ രൂപീകരിക്കണം.

ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 ന് സംസ്ഥാനത്താകെ എല്ലാ തലങ്ങളിലും വിപുലമായ ശുചീകരണ പ്രവർത്തനങ്ങളും ഉദ്ഘാടന പരിപാടികളും സംഘടിപ്പിച്ചുകൊണ്ട് "ശുചിത്വോത്സവം-2011" ന് തുടക്കം കുറിക്കേണ്ടതാണ്. "ശുചിത്വോത്സവം - 2011" ന്റെ ഭാഗമായി 2011 സെപ്റ്റംബർ 15 മുതൽ സെപ്റ്റംബർ 30 വരെ ജില്ലാ/ബ്ളോക്ക്/നഗരസഭ/ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ നടത്തേണ്ട മുന്നൊരുക്ക പ്രവർത്തനങ്ങളുടേയും 2011 ഒക്ടോബർ 2 മുതൽ നവംബർ 4 വരെ സംസ്ഥാനം, ജില്ലാ, ബ്ളോക്ക്, നഗരസഭ/ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ഏറ്റെടുക്കുവാൻ കഴിയുന്ന പ്രവർത്തനങ്ങളുടെ മാതൃകയും അനുബന്ധമായി ചേർത്തിട്ടുണ്ട്. ആയതിൻപ്രകാരം പ്രാദേശിക

സവിശേഷതകൾ പരിഗണിച്ചുകൊണ്ട് വിവിധങ്ങളായ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ തലങ്ങളിലും ഏറ്റെടുക്കേണ്ടതാണ്. ശുചിത്വോത്സവ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന എല്ലാ വകുപ്പുകളിലും വിവിധ തട്ടുകളിലുള്ള ഓഫീസ് തലങ്ങളിലും നോഡൽ ഓഫീസർമാരെ നിശ്ചയിച്ച് ഉത്തരവാദിത്വം നിർണ്ണയിച്ചു നൽകേണ്ടതുമാണ്.

"ശുചിത്വോത്സവം-2011" മായി ബന്ധപ്പെട്ട സംസ്ഥാന തല പ്രവർത്തനങ്ങൾ ഏകോപിക്കുന്നതി നുള്ള ചുമതല ശുചിത്വ മിഷനായിരിക്കും. ജില്ലാ കളക്ടർമാർ ജില്ലയിൽ നടക്കുന്ന പ്രവർത്തന ങ്ങളെയാകെ ഏകോപിപ്പിക്കേണ്ടതും പ്രതിവാരം പ്രവർത്തനങ്ങൾ റിവ്യൂ ചെയ്യേണ്ടതുമാണ്. ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ, ജില്ലാകളക്ടർക്ക് വേണ്ട പിന്തുണ നൽകണം. ബ്ലോക്ക് പഞ്ചായത്ത്തല പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഏകോപിപ്പിച്ച് സംഘടിപ്പിക്കേണ്ടതാണ്. ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് വേണ്ട പിന്തുണ നൽകേണ്ടതാണ്. കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റി കളിലും ബന്ധപ്പെട്ട സെക്രട്ടറിയ്ക്കാണ് "ശുചിത്വോത്സവം-2011"ന്റെ പ്രവർത്തനങ്ങൾ ഏകോപിച്ചു സംഘടിപ്പിക്കുവാനുള്ള ഔദ്യോഗിക ചുമതല. കോർപ്പറേഷനുകളിൽ ഹെൽത്ത് ഓഫീസറും മുനിസിപ്പാലിറ്റികളിൽ ഹെൽത്ത് സൂപ്പർവൈസറും സെക്രട്ടറിയ്ക്ക് വേണ്ട പിൻതുണ നൽകണം. ഗ്രാമ പഞ്ചായത്ത് തലത്തിൽ "ശുചിത്വോത്സവം-2011" ഏകോപിപ്പിച്ചു സംഘടിപ്പിക്കുവാനുള്ള ഔദ്യോഗിക ചുമതല ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്കാണ്. ഹെൽത്ത് ഇൻസ്പെക്ടറും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് എല്ലാ പിന്തുണയും നൽകേണ്ടതുമാണ്.

"ശുചിത്വോത്സവം-2011" വിജയിപ്പിക്കുന്നതിലേയ്ക്ക് ഇതോടൊപ്പമുള്ള അനുബന്ധത്തിൽ വിവരിക്കും പ്രകാരം മുന്നൊരുക്ക പ്രവർത്തനങ്ങൾ എല്ലാ ജില്ലാ, ബ്ലോക്ക് , നഗരസഭ, ഗ്രാമ പഞ്ചായത്ത് തലങ്ങളിലും നടത്തേണ്ടതാണ്. അതുപോലെ അനുബന്ധത്തിൽ വിശദ മാക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങളെ മാതൃകയാക്കി ചുമതലപ്പെട്ടവർ പ്രവർത്തനങ്ങൾ ചിട്ടയായി സംഘടിപ്പിക്കേണ്ടതാണ്. "ശുചിത്വോത്സവം-2011" നുശേഷവും ശുചിത്വ കേരളം ലക്ഷ്യമിട്ടു കൊണ്ടുള്ള തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ശുചിത്വോത്സവ പ്രവർത്തനങ്ങളും തുടർപ്രവർത്തനങ്ങളുടെ ആവിഷ്ക്കാരവും വിലയിരുത്തി പ്രത്യേക അവാർഡുകൾ നൽകുന്നതായിരിക്കും. ഓരോ ജില്ലയിലും (ജില്ല, ബ്ലോക്ക്, നഗരസഭ, ഗ്രാമ പഞ്ചായത്ത് അടക്കം) "ശുചിത്വോത്സവം-2011" ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങൾ ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർമാർ ഡോക്യുമെന്റ് ചെയ്ത് രേഖയാക്കി സംസ്ഥാന ശുചിത്വ മിഷന് സമർപ്പിക്കേണ്ട തുമാണ്.

ഒപ്പ്/
**ജയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ മേയർമാർക്കും
2. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ
3. ഗ്രാമ വികസന കമ്മീഷണർ
4. പഞ്ചായത്ത് ഡയറക്ടർ

5. നഗരകാര്യ ഡയറക്ടർ
6. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
7. മിഷൻ ഡയറക്ടർ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
8. ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
9. ഡയറക്ടർ, പബ്ളിക് ഇൻസ്ട്രക്ഷൻ
10. ഡയറക്ടർ, കൃഷിവകുപ്പ്
11. ഡയറക്ടർ, ഫിഷറീസ് വകുപ്പ്
12. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
13. ഡയറക്ടർ, പട്ടിക വർഗ വികസന വകുപ്പ്
14. ഡയറക്ടർ, ഹെൽത്ത് സർവീസസ്
15. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസം
16. ഡയറക്ടർ, ആയുർവേദ വകുപ്പ്
17. ഡയറക്ടർ, ഹോമിയോ വകുപ്പ്
18. ഡയറക്ടർ, അഗ്രികൾച്ചറൽ വകുപ്പ്
19. ഡയറക്ടർ, സോഷ്യൽ വെൽഫയർ
20. ഡയറക്ടർ, ആനിമൽഹസ്ബന്ററി വകുപ്പ്
21. ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
22. എല്ലാ ജില്ലാ കളക്ടർമാർക്കും
23. മാനേജിംഗ് ഡയക്ടർ, കേരള വാട്ടർ അതോറിട്ടി
24. ഡയറക്ടർ, എസ്.എസ്.എ.
25. ഡയറക്ടർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ
26. ഡയറക്ടർ, എസ്.ഐ.ആർ.ഡി
27. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള റൂറൽ വാട്ടർ സപ്ളൈ ആന്റ് സാനിട്ടേഷൻ ഏജൻസി
28. ചെയർമാൻ, പൊല്യൂഷൻ കൺട്രോൾ ബോർഡ്
29. മുൻസിപ്പൽ ചെയർമാൻമാർ (ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
30. ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ (ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
31. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ (ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

അനുബന്ധം

# സംസ്ഥാന ശുചിത്വമിഷൻ
# ശുചിത്വോത്സവം - 2011
# മുന്നൊരുക്ക പ്രവർത്തനങ്ങൾ

| തലം | | മുന്നൊരുക്ക ഘട്ട പ്രവർത്തനങ്ങൾ | പ്രവർത്തന ലക്ഷ്യം | സംഘാടന ഉത്തരവാദിത്വവും രീതിയും | സമയം |
|---|---|---|---|---|---|
| ജില്ലാതലം | 1. | ജില്ലാകളക്ടർ വിളിച്ചു ചേർക്കുന്ന ജില്ലാതല യോഗം : ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മേയർ, ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർമാൻമാർ എന്നിവരും എല്ലാ വകുപ്പുകളുടേയും ജില്ലാ തല മേധാവികളും പങ്കെടുക്കുന്നു | • ബ്ളോക്ക് ഗ്രാമ പഞ്ചായത്ത് തല ശുചിത്വോത്സവ സംഘാടനവും പ്രവർത്തനങ്ങളും വിശദീകരണം<br>• പ്രവർത്തന കലണ്ടർ ചർച്ച ചെയത് അംഗീകരിക്കൽ<br>• ജില്ലാ തല പ്രവർത്തനങ്ങൾ വിശദമായ ചർച്ച & താലൂക്ക്/ ബ്ളോക്ക്/ നഗരസഭ ഗ്രാമ പഞ്ചായത്ത് തല പ്രവർത്തനങ്ങൾ പൊതു ചർച്ച<br>• ഓരോ വകുപ്പിന്റേയും ജില്ലാ തല നോഡൽ ഓഫീസർ ചുമതല നിശ്ചയിക്കൽ<br>• ബ്ളോക്ക് നോഡൽ ഓഫീസറെ നിശ്ചയിക്കൽ<br>• നഗരസഭ, ഗ്രാമ പഞ്ചായത്ത് നോഡൽ ഓഫീസറെ നിശ്ചയിക്കൽ | • യോഗം സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ കോർഡിനേറ്റർ സ്വീകരിക്കുന്നു<br>• നോഡൽ ഓഫീസർമാർ ആരായിരിക്കണമെന്ന് ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ കളക്ടറുമായി ചർച്ച ചെയ്ത് മുൻകൂട്ടി ധാരണയാകണം<br>• യോഗത്തിനുള്ള കുറിപ്പ് തയ്യാറാക്കി ജില്ലാ കളക്ടർക്കു സമർപ്പിക്കണം. | സെപ്തംബർ 22-24 |
| | 2. | ജില്ലാ കളക്ടറും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും സംയുക്തായി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റു മാർക്കും ബ്ളോക്കു തല ഉദ്യോഗസ്ഥൻമാർക്കും എഴുതുന്ന കത്ത് | • വിവിധ വകുപ്പുകളുടെ പ്രവർത്തന ഏകോപനം ഉറപ്പാക്കൽ<br>• സഹകരണം ഉറപ്പാക്കൽ | ജില്ലാ കോ-ഓർഡിനേറ്റർ കത്ത് തയ്യാറാക്കി നൽകണം | സെപ്തംബർ 22-24 |
| | 3 | ജില്ലാ കളക്ടർ വിളിച്ചു ചേർക്കുന്ന ജില്ലാ നോഡൽ ഓഫീസർമാരുടെ യോഗം | • ഓരോ വകുപ്പും ഏറ്റെടുക്കുന്നതിലേക്ക് തയ്യാറാക്കിയ പ്രവർത്തനങ്ങൾ ചർച്ച ചെയ്യൽ<br>• ഓരോ ഓഫീസിന്റെയും ഗ്രാമ തലം വരെ നോഡൽ ഓഫീസറെ നിശ്ചയിക്കൽ | വകുപ്പുതല ജില്ലാ ഓഫീസർമാരുമായി ജില്ലാ കോ- ഓർഡിനേറ്റർ മുൻകൂട്ടി ആലോചിച്ച് മീറ്റിങ്ങിൽ തീരുമാനമാക്കണം | സെപ്തംബർ 29-30 |
| | 4. | ജില്ലാ കളക്ടർ വിളിച്ചു ചേർക്കുന്ന നാഷണൽ സർവ്വീസ് സ്കീം ചുമതലക്കാരുടെ യോഗം | • നാഷണൽ സർവ്വീസ് സ്കീമിന് ഏറ്റെടുക്കാവുന്ന പ്രവർത്തനം നിശ്ചയിക്കൽ | NSS പ്രധാന ചുമതലക്കാരനുമായി ജില്ലാ കോ-ഓർഡിനേറ്റർ മുൻകൂട്ടിയാലോചിച്ച് പ്രവർത്തനങ്ങളുടെ കരട് രൂപം തയ്യാറാക്കി | സെപ്തംബർ 29-30 |

| | | | | | |
|---|---|---|---|---|---|
| | | | | യോഗത്തിൽ അവതരിപ്പിക്കണം | |
| | 5. | ജില്ലാ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച | • ജനപ്രതിനിധികളുടെ സഹകരണം ഉറപ്പാക്കൽ | ജില്ലാ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യുവാനുള്ള കുറിപ്പ് ജില്ലാ കോ-ഓർഡിനേറ്റർ മുൻകൂട്ടി തയ്യാറാക്കി പ്രസിഡന്റിന് സമർപ്പിക്കണം. | സെപ്തംബർ 26-30 |
| ബ്ളോക്കു തലം | 1. | ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റി ചർച്ച | • ബ്ളോക്ക് പഞ്ചായത്ത് തല പൊതു പരിപാടികൾ നിശ്ചയിക്കൽ<br>• ഗ്രാമ പഞ്ചായത്തുകളുമായി സഹകരിച്ച് ബ്ളോക്ക് ഡിവിഷനിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനം നിശ്ചയിക്കൽ | പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള ഔദ്യോഗിക ചുമതല ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്കായിരിക്കും. ഏറ്റെടുക്കാവുന്ന പരിപാടികൾ സംബന്ധിച്ച് ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമായി മുൻകൂട്ടി ആലോചിച്ച് ചർച്ച ചെയ്ത ശേഷം കമ്മിറ്റിയിൽ അവതരിപ്പിക്കുക. ബ്ളോക്ക്തലത്തിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ കരടും ഗ്രാമ പഞ്ചായത്ത് തലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളും സെക്രട്ടറി അവതരിപ്പിക്കണം. | സെപ്തംബർ 22-24 |
| | 2. | ബ്ളോക്ക് പഞ്ചായത്ത് തല ഓഫീസ് മേധാവികളുടെ യോഗം | • ബ്ളോക്ക് പഞ്ചായത്തിന് കൈമാറ്റം ചെയ്തുകിട്ടിയ സ്ഥാപനങ്ങളിലെ ശുചിത്വ പ്രവർത്തനങ്ങൾ<br>• ബ്ളോക്കു തല പ്രവർത്തനങ്ങൾ തീരുമാനിക്കലും ഏകോപനവും<br>• നോഡൽ ഓഫീസറെ നിശ്ചയിക്കൽ | ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി. പ്രസിഡന്റുമായി ആലോചിച്ച് ഓഫീസ് തല നോഡൽ ഓഫീസർമാരെ തീരുമാനിക്കണം. ബ്ളോക്ക്തലത്തിൽ ഏറ്റെടുക്കുന്ന പ്രവർത്തന ങ്ങളുടെ കരടും ഗ്രാമ പഞ്ചായത്ത് തലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളും അവതരിപ്പിക്കണം. ഓരോ വകുപ്പും ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് അന്തിമ രൂപം നൽകണം | സെപ്തംബർ 26-28 |
| | 3. | സാംസ്കാരിക/സന്നദ്ധ സംഘടനകളുടെ യോഗം | • സന്നദ്ധ സംഘടനകൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ ചർച്ച & തീരുമാനം | പ്രവർത്തനങ്ങളുടെ ഏകദേശ രൂപം/സമീപനം മുൻകൂട്ടി തയ്യാറാക്കി അവതരിപ്പിച്ച് ചർച്ച ചെയ്യണം. പ്രസിഡന്റ്/ സെക്രട്ടറി അവതിപ്പി ക്കുക ചർച്ച ചെയ്ത് അന്തിമ രൂപം നൽകണം. | |
| | 4. | MPKBY ഏജന്റുമാരുടെ യോഗം | • MPKBY ഏജന്റുമാരുടെ സേവനം ഉറപ്പാക്കൽ<br>• പ്രവർത്തനം പ്ളാൻ ചെയ്യൽ | ഏറ്റെടുക്കാവുന്ന പ്രവർത്തനം മുൻകൂട്ടി അവതരിപ്പിക്കണം (ഉദാ : ഗൃഹ സന്ദർശനം, ബാഡ്ജ് വിതരണം ......... ) | |
| നഗര സഭ/ ഗ്രാമ പഞ്ചായത്ത് | 1. | നഗര സഭ/ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി | • നഗര സഭ/ ഗ്രാമ പഞ്ചായത്ത് തല പ്രവർത്തനങ്ങൾ | • നഗരസഭ/ഗ്രാമ പഞ്ചായത്ത് തല പ്രവർത്തനങ്ങൾക്ക് | സെപ്തംബർ 22-24 |

| | | | | |
|---|---|---|---|---|
| | | നിശ്ചയിക്കൽ | സംഘടിപ്പിക്കുവാൻ ഔദ്യോഗിക ചുമതല സെക്രട്ടറിയ്ക്ക്. സെക്രട്ടറിയെ സഹായിക്കുവാൻ നഗരസഭകളിൽ ഹെൽത്ത് ഇൻസ്പെക്ടർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവരെ ചുമതലപ്പെടുത്താം<br>• പ്രവർത്തനങ്ങളുടെ കരട് മുൻകൂട്ടി സെക്രട്ടറി തയ്യാറാക്കി കമ്മിറ്റിയിൽ അവതരിപ്പിക്കുന്നതിനായി അധ്യക്ഷന് നൽകണം<br>• കമ്മിറ്റി ചർച്ച ചെയ്ത് പ്രവർത്തനങ്ങൾക്ക് അന്തിമരൂപം നൽകണം. | |
| 2. | നഗര സഭ/ ഗ്രാമ പഞ്ചായത്ത് തല സ്ഥാപന മേധാവികളുടെ യോഗം | • ഓരോ സ്ഥാപനത്തിലും ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ ചർച്ച<br>• ഗ്രാമ പഞ്ചായത്ത് തല പ്രവർത്തന ങ്ങൾ തീരുമാനിക്കലും ഏകോപനവും<br>• നോഡൽ ഓഫീസറുടെ ചുമതല നിശ്ചയിക്കൽ | • നോഡൽ ഓഫീസർമാർ മുൻകൂട്ടി ഏകദേശ ധാരണയായിരിക്കണം<br>• ഏറ്റെടുക്കാവുന്ന സ്ഥാപന തല പ്രവർത്തനങ്ങൾ അവതരിപ്പിക്കണം<br>• വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനം ആസൂത്രണം ചെയ്യണം. | സെപ്തംബർ 26-28 |
| 3. | കുടുംബശ്രീ സിഡി.എസ്. എക്സിക്യൂട്ടീവ് സമിതി യോഗം | • സി.ഡി.എസ് മുതൽ അയൽ കൂട്ട തലം വരെ ഏറ്റെടുക്കാവുന്ന പ്രവർത്തന രൂപരേഖ തയ്യാറാക്കൽ | കുടുംബശ്രീ സംഘടന CDS മുതൽ NHG വരെ ചെയ്യേണ്ട പ്രവർത്തനങ്ങൾ മെമ്പർ സെക്രട്ടറി അവതരിപ്പിച്ച് ചർച്ച ചെയ്ത് തീരുമാനിക്കണം. | സെപ്തംബർ 28-30 |
| 4. | സാംസ്കാരിക സംഘടന/സന്നദ്ധ സംഘടനകളുടെ യോഗം | • സാംസ്കാരിക സന്നദ്ധ സംഘടനകളുടെ സഹകരണം ഉറപ്പാക്കൽ. പ്രവർത്തനങ്ങൾ നിശ്ചയിക്കൽ, പ്രവർത്തന കലണ്ടർ തീരുമാനം | • പ്രവർത്തനങ്ങൾ പ്രസിഡന്റ്/സെക്രട്ടറി അവതരിപ്പിക്കണം.<br>• ചർച്ച ചെയ്ത് തീരുമാനമാകണം | സെപ്തംബർ 28-30 |
| 5. | നാഷണൽ കേഡറ്റ് കോർ, നാഷണൽ സർവീസ് സ്കീം ചുമതലക്കാരുമായി ചർച്ച | • നാഷണൽ കേഡറ്റ് കോർ, നാഷണൽ സർവീസ് സ്കീമിന് ഏറ്റെടുക്കാവുന്ന ആക്ഷൻ പ്രോഗ്രാം നിശ്ചയിക്കൽ | NCC/NSS ന് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്തത് നിർദേശമായി അവതരിപ്പിക്കുക | സെപ്തംബർ 28-30 |

# സംസ്ഥാന ശുചിത്വമിഷൻ
## ശുചിത്വോത്സവം - 2011
## ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ (മാതൃകകൾ)

| തലം | | പ്രവർത്തനം | ലക്ഷ്യം | ഉത്തരവാദിത്വം | സംഘാടന രീതി | സമയം |
|---|---|---|---|---|---|---|
| സംസ്ഥാനം | 1. | സംസ്ഥാനതല ഉദ്ഘാടനം<br>• ഉദ്ഘാടന പരിപാടി | ശുചിത്വോ ത്സവം സമാരംഭ പരിപാടികൾ | സംസ്ഥാന ശുചിത്വ മിഷൻ | ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നു. | ഒക്ടോബർ 2 |
| | | • 2010 ലെ നിർമ്മൽ ഗ്രാമ പുരസ്ക്കാരം വിതരണം | | സംസ്ഥാന ശുചിത്വ മിഷൻ | ഡൽഹിയിൽ വച്ചു നടന്ന ചടങ്ങിൽ പങ്കെടുക്കുവാൻ കഴിയാതിരുന്ന ഗ്രാമ ബ്ളോക്ക് പഞ്ചായ ത്തിനും മൊമെന്റോ 2010 ലെ അവാർഡിന് അർഹത നേടിയ ഗ്രാമ പഞ്ചായത്തു കൾക്കും ബ്ളോക്ക് പഞ്ചായ ത്തുകൾ ക്കുമുള്ള അവാർഡ് തുക വിതരണം | |
| | | • ടെക്നോളജി എക്സിബിഷൻ | | സംസ്ഥാന ശുചിത്വ മിഷൻ | മാലിന്യ സംസ്കരണ മേഖലയിലെ വിവിധ സാങ്കേതിക വിദ്യകളുടെ എക്സിബിഷൻ | |
| | | • ന്യൂസ് ലെറ്റർ ഉദ്ഘാടനം | | സംസ്ഥാന ശുചിത്വ മിഷൻ | ശുചിത്വ മിഷൻ പ്രസിദ്ധപ്പെടുത്തുന്ന ന്യൂസ്ലെറ്റർ പ്രകാശന ഉദ്ഘാടനം | |
| | 2. | ഫോട്ടോ എക്സിബിഷൻ | ശുചിത്വ പ്രശ്നങ്ങൾ പൊതു സമൂഹ ത്തിന്റെ ശ്രദ്ധയിലേക്ക് | സംസ്ഥാന ശുചിത്വ മിഷൻ | മീഡിയാ ഫോട്ടോ ഗ്രാഫർമാർ ശുചിത്വാ രോഗ്യ പ്രശ്ന ങ്ങൾ പ്രമേയ മാക്കി എടുത്തിട്ടുള്ള ഫോട്ടോകളുടെ എക്സിബിഷൻ | ഒക്ടോബർ 17-22 |
| | 3. | സംസ്ഥാനതല വർക്ക്ഷോപ്പുകൾ<br>• മീഡിയാ വർക്ക്ഷോപ്പ് | പത്രം / മീഡിയാ പ്രവർത്തകർക്കു വേണ്ടി പ്രത്യേക വർക്ക്ഷോപ്പ് | സംസ്ഥാന ശുചിത്വ മിഷൻ | ശുചിത്വ മേഖലയിലെ പ്രശ്നങ്ങളും പരിഹാരങ്ങളും പൊതു സമൂഹത്തിൽ അവതരിപ്പിക്കുന്ന തിലേക്ക് പത്ര പ്രവർത്തകരെ സെൻസിറ്റൈസ് ചെയ്യുന്നതിന് ചർച്ച | ഒക്ടോബർ 12-18 |
| | | • മുതിർന്ന ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന വിഷൻ വർക്ക് ഷോപ്പ് | ശുചിത്വമേഖലയി ലെ ഇടപെടലു കൾക്ക് പുതിയ ദിശ | | വൃത്തിയുള്ള കേരളം - ആരോഗ്യമുള്ള കേരളം : വിദഗ്ധരും അനുഭവ സമ്പ ത്തുള്ള ഈ മേഖല യിലെ ആക്ടി വിസ്റ്റു കളും പങ്കെടു ക്കുന്നു. കാഴ്ചപ്പാടു കളും സമീപനങ്ങളും അവതരണവും | |

| | | | | | |
|---|---|---|---|---|---|
| | | | | ചർച്ചയും | |
| 4. | ബൾക്ക് എസ്.എം.എസ് | ശുചിത്വ സന്ദേശം മൊബൈ ലിലൂടെ | സംസ്ഥാന ശുചിത്വ മിഷൻ | BSNL ന്റ സഹായ ത്തോടെ ഒക്ടോബർ മാസത്തിൽ മൊബൈൽ ഫോണിൽ എസ്.എം.എസ്. അലർട്ട് നൽകൽ | ഒക്ടോബർ 2 - നവംബർ 4 |
| 5. | റേഡിയോ സന്ദേശം<br>• എഫ്.എം. റേഡിയോയിൽ മുഖ്യമന്ത്രിയുടെ സന്ദേശം<br>• എഫ്.എം. റേഡിയോയിൽ പൊതു സന്ദേശം | പ്രധാന എഫ്.എം. ചാനലുകളിൽ ശുചിത്വ സന്ദേശം | സംസ്ഥാന ശുചിത്വ മിഷൻ | പബ്ളിക് റിലേഷൻസ് വകുപ്പിന്റെ അംഗീകാര പ്രകാരം വിവിധ എഫ്.എം. ചാനലു കളിൽ മുഖ്യമന്ത്രി നൽകുന്ന സന്ദേശം, പൊതു സന്ദേശങ്ങൾ | ഒക്ടോബർ 2 - നവംബർ 4 |
| 6. | ആകാശവാണിയിലൂ ട സന്ദേശം | പ്രഭാഷണം, ചർച്ച | സംസ്ഥാന ശുചിത്വ മിഷൻ | ആകാശവാണിയു മായി സഹകരിച്ചു കൊണ്ടുള്ള പരിപാടികൾ | |
| 7 | ദൂരദർശൻ പാനൽ ചർച്ച | ശുചിത്വാ രോഗ്യ വിഷയം പൊതു സമൂഹത്തിന്റെ ശ്രദ്ധയാകർഷി ക്കൽ | സംസ്ഥാന ശുചിത്വ മിഷൻ | ദൂരദർശനുമായി സഹകരിച്ചു കൊണ്ട് പ്രത്യേക ചർച്ചാ പരിപാടി | |
| 8. | സംസ്ഥാന തല മത്സരങ്ങൾ | മത്സരങ്ങളി ലൂടെ ശുചിത്വ പ്രശ്നങ്ങൾ ജനങ്ങളുടെ ശ്രദ്ധയിലേക്ക് | സംസ്ഥാന ശുചിത്വ മിഷൻ | പൊതുജനങ്ങൾ/ വിദ്യാർത്ഥികൾക്കു വേണ്ടി ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന മത്സര ഇനങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഇനങ്ങൾ സംസ്ഥാനതല മത്സരം | ഒക്ടോബർ 27 - നവംബർ 4 |
| 9. | ഹരിതസേന | ഹരിതസേനയു ടെ നേതൃത്വ ത്തിലുള്ള സംസ്ഥാന തല പ്രവർത്ത നം | സംസ്ഥാന ശുചിത്വ മിഷൻ | ഹരിതസേന സംസ്ഥാന നേതൃത്വവുമായി കൂടിയാലോചിച്ച് പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നു.<br>HS/HSS കളിലെ ഹരിതസേന പ്രവർത്തനങ്ങൾ നടത്തുന്നു. | ഒക്ടോബർ 15-29 |
| 10. | സൊല്യൂഷൻ എക്സ്ചേഞ്ച് | ശുചിത്വ വിഷയ ങ്ങൾ പൊതു സമൂഹത്തിന് ചർച്ച ചെയ്യാൻ കഴിയുന്ന ഡിജിറ്റൽ പ്ളാറ്റ്ഫോം | സംസ്ഥാന ശുചിത്വ മിഷൻ | വെബ് അധിഷ്ഠിത ഡിജിറ്റൽ പ്ളാറ്റ്ഫോം സജ്ജമാക്കുന്നു. രജിസ്റ്റർ ചെയ്യുന്ന വർക്ക് സാനിട്ടേഷ നുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ - പ്രശ്ന പരിഹാരം ആശയങ്ങൾ എന്നിവ കൈമാറാ നുള്ള സൗകര്യം | നവംബർ 4 |
| 11 | ഇ-ടോയ്ലറ്റ് പരിചയപ്പെടുത്തൽ | ഇ-ടോയ്ലറ്റ് പ്രചാരണം | സംസ്ഥാന ശുചിത്വ മിഷൻ | പേ & യൂസ് മാതൃകയിൽ സ്ഥാപിക്കുവാൻ കഴിയുന്ന ഓട്ടോമാറ്റിക് ഇ-ടോയ്ലറ്റ് | നവംബർ 1-4 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പരിചയപ്പെടുത്തൽ | |
| | 12. | പരിശീലനങ്ങൾ ശുചിത്വ സൗകര്യങ്ങളും നൂതന സാങ്കേതിക വിദ്യയും | പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസീയർമാർക്ക് പരിശീലനം | സംസ്ഥാന ശുചിത്വ മിഷൻ സംസ്ഥാന ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ട് | സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്കുള്ള ദ്വിദിന പരിശീലന പരിപാടി | ഒക്ടോബർ 20 - നവംബർ 4 |
| | 13. | സമാപന പരിപാടി | | സംസ്ഥാന ശുചിത്വ മിഷൻ | | നവംബർ 4 |
| ജില്ല | 1. | ജില്ലാതല ഉദ്ഘാടനം | ജില്ലാതല ശുചിത്വോത്സവ പരിപാടികളുടെ ആരംഭം | ജില്ലാ ശുചിത്വ മിഷൻ | ജില്ലയിലെ പ്രധാന പരിപാടി ജില്ലാ പരിപാടിയായി നിശ്ചയിക്കാം. ജില്ലാ കേന്ദ്രത്തിൽ സംഘടിപ്പിക്കുന്നത് ഉചിതം. ജില്ലയുടെ ചുമതലയുള്ള മന്ത്രി ഉദ്ഘാടനം ചെയ്യുന്നു. | ഒക്ടോബർ 2 |
| | 2. | ശുചിത്വ റോഡ് ഷോ | ശുചിത്വ മേഖലയിൽ കേരളത്തിന്റെ പ്രശ്നങ്ങൾ പൊതു ജനങ്ങളിലെത്തിക്കൽ | ജില്ലാ ശുചിത്വ മിഷൻ | പ്രമേയം തയ്യാറാക്കണം. ആകർഷകമായ രീതിയിൽ റോഡ് ഷോ സംഘടിപ്പിക്കുക | **സമയക്രമം ജില്ലാതലത്തിൽ** തീരുമാനിക്കും ഒക്ടോബർ 2 നവംബർ 4 |
| | 3. | ഓഫീസ് ശുചിത്വ പരിപാടികൾ<br>• അവാർഡുകൾ<br>• ആദരിക്കൽ | വൃത്തിയുള്ള ഓഫീസുകൾ<br>• വൃത്തിയുള്ള ഓഫീസുകൾ ആരോഗ്യകരമായ പ്രവർത്തനാന്തരീക്ഷം. മേന്മയേറിയ സേവനം | • ജില്ലാ ശുചിത്വ മിഷൻ<br>• ജില്ലാ തല ഓഫീസ് മേധാവികൾ | **ജില്ലാതല ഓഫീസുകളിൽ ഓഫീസ് ശുചിത്വ നടപടികൾ അറിയിക്കുക.** ശുചിത്വോത്സവ കാലഘട്ടത്തിൽ ഓഫീസിനകവും പുറവും ചിട്ടയും വൃത്തിയുമുള്ളതാക്കുന്നതിന് നടപടി. ഓഫീസ് റേറ്റിങ്ങ് നടപടിക്രമം നിശ്ചയിക്കുക. അവാർഡ്, ആദരിക്കൽ പ്രവർത്തനങ്ങൾ ശുചിത്വോത്സവ കാലഘട്ടത്തിന് ശേഷമാകാം. | |
| | 4 | പൊതു ശുചീകരണ പ്രവർത്തനങ്ങൾ<br>• ആശുപത്രികൾ<br>• പൊതുമാർക്കറ്റ്<br>• സ്കൂളുകൾ | • വൃത്തിയുള്ള പരിസരം<br>• സ്ഥാപനങ്ങൾ നമ്മുടെ സ്വന്തം ശുചിത്വ ശീലം - മനോഭാവ രൂപീകരണം | • ജില്ലാ പഞ്ചായത്ത്<br>• കോർപ്പറേഷൻ | • ജില്ലാ പഞ്ചായത്ത്, കോർപ്പറേഷനുകളുടെ ചുമതലയിലുള്ള ആശുപത്രികൾ, പൊതു മാർക്കറ്റ്, എന്നിവ ശുചിയാക്കുന്നതിന് പരിപാടികൾ. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ. | |

| | | | | | |
|---|---|---|---|---|---|
| | | | | • മെച്ചപ്പെട്ട ശുചിത്വാവസ്ഥ നിലനിർത്തുന്നതിനുള്ള സ്ഥിരം പ്രവർത്തന ങ്ങൾ<br>• ജില്ലാ കേന്ദ്രങ്ങളിലുള്ള എച്ച്.എസ്./ എച്ച്.എസ്.എസ്. കൾ നേരിട്ടും മറ്റ് എച്ച്.എസ്./എച്ച്.എസ്. കളിൽ ബ്ളോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിലുമാകാം.<br>• സാനിട്ടറി കോംപ്ളക്സ്<br>• മെയിന്റനൻസ്<br>• കുട്ടികൾക്കായി തുറന്ന് കൊടുക്കൽ<br>• വെള്ളം ഉറപ്പാക്കൽ<br>• എന്നും വൃത്തിയായി സൂക്ഷിക്കൽ എന്നിവയ്ക്ക് വേണ്ട ക്രമീകരണം | |
| 5. | ശുചിത്വ പാർലമെന്റ് | ജില്ലയിലെ പൊതു ശുചിത്വ പ്രശ്ന ങ്ങൾ ചർച്ച ചെയ്യപ്പെടുന്നു. രേഖ തയ്യാറാക്കുന്നു. | ജില്ലാ ശുചിത്വ മിഷൻ | മോക്ക് പാർലമെന്റ് സംഘടിപ്പിക്കാം. ട്രഷറി ബഞ്ചും. പ്രതിപക്ഷ ബഞ്ചും നിശ്ചയിക്കാം. പാർലമെന്റ് നടപടി ക്രമങ്ങൾ നിശ്ചയിക്കാം. മുൻകൂട്ടി പരസ്യം നൽകിയാൽ ചോദ്യങ്ങൾ പ്രമേയ ങ്ങൾ. തുടങ്ങി യവ നേരത്തേ സംഘടനകൾ. വ്യക്തികൾ എന്നിവർ നൽകും. വിവിധ തലങ്ങളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപന ഭാരവാഹികളെ ട്രഷറി ബഞ്ച് അംഗങ്ങളാക്കാവുന്നതാണ്. നടപടി ക്രമങ്ങൾ ക്രോഡീകരിച്ച് രേഖയാക്കണം. | |
| 6. | ശുചിത്വ ബാനർ | ജില്ലാ കേന്ദ്രത്തിൽ നീളമുള്ള ബാനർ സ്ഥാപി | ജില്ലാ ശുചിത്വ മിഷൻ | കാർട്ടൂണിസ്റ്റ്/ സാഹിത്യകാരൻ / പരിസ്ഥിതി പൊതു ജനാരോഗ്യ | |

| | | | | |
|---|---|---|---|---|
| | | ക്കുന്നു. പൊതു ജനങ്ങൾ സന്ദേശം / കാർട്ടൂൺ/ ചിത്രം വരയ്ക്കട്ടെ | | പ്രവർത്തകർ ഉദ്ഘാടനമാകാം ജനപ്രതിനിധികൾ. സന്നദ്ധ പ്രവർത്തകർ. പത്രക്കാർ, കുട്ടികൾ. രാഷ്ട്രീയ പാർട്ടി പ്രവർത്തകർ. എന്നിങ്ങനെ വിവിധ വിഭാഗം ആൾക്കാരെ പങ്കെടുപ്പിക്കുക. |
| 7. | ജില്ലാതല മത്സരങ്ങൾ<br>• പൊതു ജനങ്ങൾക്ക്<br>• വിദ്യാർത്ഥികൾക്ക്<br>• കോളേജ്തലം | ഉപന്യാസം/ പ്രസംഗം/ സ്കൂൾ/ കോളേജ് | ജില്ലാ ശുചിത്വ മിഷൻ | • ജില്ലയിൽ മാത്രം സംഘടിപ്പിക്കാവുന്ന പൊതു ജനങ്ങൾ കണ്ടെത്തി മത്സരം<br>• ബ്ളോക്കു തല മത്സര വിജയികളെ പങ്കെടുപ്പിച്ചു കൊണ്ട് ജില്ലാതല മത്സരം |
| 8. | സ്ഥാപന തല ശുചിത്വ പ്ളാൻ | സ്ഥാപന തല ശുചിത്വ പ്ളാൻ തയ്യാറാക്കൽ - തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സമർപ്പിക്കുക<br>• പ്രശ്നങ്ങൾ കണ്ടെത്തുക<br>• ലഭ്യമായ സൗകര്യം ആരോഗ്യകരമായും സ്ഥായിയായും സംരക്ഷിക്കുന്നതിനുള്ള കർമ്മ പരിപാടി | ബന്ധപ്പെട്ട സ്ഥാപന മേധാവികൾ | • ഓരോ സ്കൂൾ/ കോളേജ് കുട്ടികൾ **അധ്യാപകരുടെ സഹായത്തോടെ സ്ഥാപനതലത്തിലെ ശുചിത്വ സൗകര്യ പ്രശ്നങ്ങളും കുറവുകളും കണ്ടെത്തുന്നു. സ്കൂൾ / കോളേജ്** തല പ്ളാൻ തയ്യാറാക്കുന്നു.<br>• ജീവനക്കാർ സ്ഥാപനതല പ്ളാൻ തയ്യാറാക്കുന്നു<br>• നിലവിലെ സൗകര്യം സംരക്ഷിക്കുന്നതിന് കർമ്മ പരിപാടി തയ്യാറാക്കാം<br>• സ്ഥാപനതലത്തിൽ പരിഹരിക്കാവുന്ന നടപടി സ്വീകരിക്കുന്നു.<br>• കുറവുകൾ പരിഹരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്ളാൻ സമർപ്പിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 9. | ജില്ലാതലവർക്ക ്ഷോപ്പ്<br>• എല്ലാ ULB യുടെ സിറ്റിസാനിട്ടേഷൻ പ്ളാൻ തയ്യാറാക്കുന്നതിന്<br>• ഖരദ്രവ മാലിന്യ നിർമാർജ്ജനം ULB തല പ്ളാൻ | നഗര സഭകൾ സിറ്റി സാനിട്ടേഷൻ പ്ളാൻ തയ്യാറാക്കുന്നു | നഗരസഭകൾ | • ASCI യുടെ പിന്തുണയോടെ നഗര സഭകൾ സിറ്റി സാനിട്ടേഷൻ പ്ളാൻ തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുന്നു. | |
| 10. | • സ്റ്റേക്ക്ഹോൾഡർ വർക്ക്ഷോപ്പ് | • റ്റി.എസ്.സി.യിൽ റിവൈസ്ഡ് പ്രോജക്ടിൽ ഏറ്റെടുക്കേണ്ട പ്രവർത്തനം<br>• സംയോജിത രേഖ തയ്യാറാക്കൽ | ജില്ലാ മിഷൻ | • ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, എൻ.ജി.ഒ. പ്രതിനിധികൾ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വർക്ക് ഷോപ്പ്<br>• ജില്ലയിൽ റ്റി.എസ്.സി. പ്രോജക്ടിന്റെ ഭാഗമായി നാളിതുവരെ നേടിയ നേട്ടം വിലയിരുത്തൽ<br>• ഇനിയും പരിഹരിക്കേണ്ട പ്രശ്നങ്ങൾ, വിടവുകൾ കണ്ടെത്തൽ.<br>• ഇടപെടൽ സാധ്യതകൾ കണ്ടെത്തൽ, രേഖ തയ്യാറാക്കൽ | |
| 11. | സേവന ദാതാക്കളുടെ ഗ്രൂപ്പ് സജ്ജമാക്കൽ പ്രത്യേക പരിശീലന പരിപാടി | ശുചിത്വ മേഖലയിലെ പ്രത്യേക പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിവുള്ള സംരംഭകരുടെ ടീം സജ്ജമാക്കുക | ജില്ലാ മിഷൻ | സാനിട്ടേഷൻ സൗകര്യ സൃഷ്ടിക്കാനാവശ്യമായ സാധന സാമഗ്രികളുടെ നിർമാണം, ഇൻസ്റ്റലേഷൻ, മെയിന്റനൻസ് തുടങ്ങിയ പ്രവർത്തനങ്ങൾ സംരംഭക മാതൃകയിൽ ചെയ്യുന്നതിനുള്ള പരിശീലനം . യുവതീ യുവാക്കളുടെ ഗ്രൂപ്പ് കണ്ടെത്തി പരിശീലിപ്പിക്കുക. | |

| | | | | | | |
|---|---|---|---|---|---|---|
| ബ്ളോക്ക് | 1. | ബ്ളോക്ക് തല ഉദ്ഘാടനം | ഒരു പ്രധാന പ്രവർത്തനത്തിന്റെ ഉദ്ഘാടനം നടത്തുന്നു. | ബ്ളോക്ക് പഞ്ചായത്ത് (ഔദ്യോഗിക ചുമതല ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി) | • ബ്ളോക്ക് തല ശുചിത്വോത്സവം എം.പി./എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ/ബ്ളോക്ക്/ ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധികളെ പങ്കെടുപ്പിക്കണം. | ഒക്ടോബർ 2 |
| | 2. | ശുചിത്വ സന്ദേശ യാത്ര | • നാടും നഗരവും ശുചിയായി സൂക്ഷിക്കേണ്ടതിന്റെ സന്ദേശം | ബ്ളോക്ക് പഞ്ചായത്ത് (ഔദ്യോഗിക ചുമതല ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി) | • ബ്ളോക്ക് പഞ്ചായത്ത് ഡിവിഷനുകളിലെ പ്രധാന കേന്ദ്രങ്ങൾ നിശ്ചയിക്കണം.<br>• സന്ദേശ യാത്രകൾ ഉൾപ്രദേശങ്ങളിലൂടെ കടന്നു പോകണം . ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, കുട്ടികൾ എന്നിവരെ പങ്കെടുപ്പിക്കാം.<br>• ശുചിത്വ പാട്ടുകൾ, മുദ്രാവാക്യങ്ങൾ, ജില്ല/ ബ്ളോക്ക് തയ്യാറാക്കണം<br>• ബാനറുകളും പ്ളക്കാർഡുകളും ബ്ളോക്ക് തലത്തിൽ തയ്യാറാക്കുക | സമയക്രമം . ബ്ളോക്ക് തലത്തിൽ തീരുമാനിക്കും ഒക്ടോബർ 2 നവംബർ 4 |
| | 3. | പഠന പരിപാടി (TAG ന്റെയും വർക്കിങ്ങ് ഗ്രൂപ്പിന്റേയും നേതൃത്വത്തിൽ) | • ബ്ളോക്കു പ്രദേശത്ത് നേരിടുന്ന ഏറ്റവും പ്രധാന ശുചിത്വ പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>• ഖര - ദ്രവമാലിന്യ പ്രശ്നം സൃഷ്ടിക്കുന്ന ഏറ്റവും പ്രധാന സ്ഥലങ്ങൾ കണ്ടെത്തുന്നു.<br>• പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം അടങ്ങുന്ന പ്രോജക്ട് തയ്യാറാക്കുന്നു. | ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | • ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും അതാത് പ്രദേശത്തെ പ്രശ്നം മനസ്സിലാക്കുന്നു.<br>• പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ച് വിവരശേഖരണം<br>• പരിഹാര നിർദ്ദേശങ്ങൾ പ്രോജക്ട് രൂപത്തിൽ തയ്യാറാക്കുന്നു<br>• റ്റി.എസ്.സി യിൽ ഏറ്റെടുക്കാവുന്നവ പ്രത്യേകം തയ്യാറാക്കാം.<br>• കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ളക്സ്, പബ്ളിക് ടോയ്ലറ്റ്, റൂറൽ സാനിട്ടറി മാർട്ട് കം പ്രൊഡക്ഷൻ സെന്റർ ആവശ്യവും സാദ്ധ്യതയും നിർണയിക്കൽ | |

| | | | | | |
|---|---|---|---|---|---|
| 4. | ഹോട്ടലുകൾ, വിപണന സ്ഥാപനങ്ങൾ ഉടമകളുടെ/ സംഘടനാ പ്രതിനിധികളുമായി ചർച്ച | മാലിന്യ സംസ്കരണത്തിന് ഒരു പ്രോട്ടോകോൾ രൂപീകരിക്കുക | ബ്ളോക്ക് പഞ്ചായത്ത് | • ബ്ളോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ - ഹോട്ടലുകളിൽ വൃത്തി - ശുചിത്വ സൗകര്യങ്ങൾ - വൃത്തിയുള്ള അടുക്കള - മാലിന്യ നിക്ഷേപം - ചർച്ച -<br>• മാലിന്യം സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം നിശ്ചയിക്കൽ | |
| 5. | വർക്ക്ഷോപ്പ് : മാർക്കറ്റ് നവീകരണം (പഠന - പരിപാടിയിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി) | • മാർക്കറ്റുകളുടെ പൊതു നവീകരണം അനുയോജ്യസാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് മാലിന്യ സംസ്കരണം തൽസ്ഥല മാലിന്യ സംസ്കരണം -പ്ളാൻ തയ്യാറാക്കൽ | ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | • മാർക്കറ്റുകൾ നവീകരിക്കുന്നതിനുള്ള പ്ളാൻ തയ്യാറാക്കാനുള്ള പ്രത്യേക വർക്ക്ഷോപ്പ്<br>• TAG / വർക്കിങ്ങ് ഗ്രൂപ്പ് അംഗങ്ങൾ ഏറ്റവും മോശമായ മാർക്കറ്റുകളുടെ സ്ഥിതി പഠന വിധേയമാക്കിയിട്ടുണ്ടാകും. പ്രസ്തുത റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ചർച്ച<br>• മാലിന്യ നിർമ്മാർജനത്തിന് അനുയോജ്യ സാങ്കേതിക വിദ്യകൾ നിർണയിക്കൽ<br>• തൽസ്ഥല മാലിന്യ നിർണയ സാധ്യതകൾ കണ്ടെത്തൽ<br>• സമഗ്ര പ്ളാൻ തയ്യാറാക്കൽ<br>• പ്ളാനിലെ ഓരോ ഘടകവും ഏറ്റെടുക്കാൻ കഴിയുന്ന ഏജൻസി/ ധനസ്രോതസ്സ് നിശ്ചയിക്കുക<br>• നിർവഹണ നപടികൾ സ്വീകരിക്കുക | |
| 6. | ഹൈസ്കൂളുകളുടെ ശുചിത്വ സൗകര്യം വിലയിരുത്തലും ആവശ്യകതാ | • ഓരോ സ്കൂളിനും പ്രത്യേക പ്രോജക്ട് | സ്കൂൾ മേധാവികൾ | • ബ്ളോക്ക് പ്രദേശത്തെ എച്ച്.എസ്/ എച്ച്.എസ്.എസ്. | |

| | | | | |
|---|---|---|---|---|
| | നിർണയവും | (അൺ എയിഡഡ് സ്കൂളിലും സംഘടിപ്പിക്കാം) | | സ്കൂളുകളിൽ കുട്ടികൾ തയ്യാറാക്കുന്ന പ്രോജക്ട്. പഠനപ്രവർത്തനമാക്കാം<br>• തുടർന്ന് ഒരു ആക്ഷൻ പരിപാടിയും. |
| 7. | THC/CHC/BPHC കൾക്കൊരു ശുചിത്വ മാസ്റ്റർ പ്ളാൻ | ശുചിത്വ മാസ്റ്റർ പ്ളാൻ തയ്യാറാക്കൽ | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ആരോഗ്യകാര്യ ചുമതലയുള്ള ബ്ളോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും ചേർന്ന് തയ്യാറാക്കുന്നു. ഉപഭോക്താക്കളുമായുള്ള ചർച്ചക്ക് ശേഷം |
| 8. | • ബ്ളോക്ക് പഞ്ചായത്ത് ഓഫീസും ബ്ളോക്ക് പഞ്ചായത്തിന് കൈമാറ്റം ചെയ്തു കിട്ടിയ സ്ഥാപനങ്ങളിലെയും ശുചീകരണ പ്രവർത്തനങ്ങൾ.<br>• അവാർഡ്<br>• ഗ്രേഡിങ്ങ് | • ഗവേർണൻസ് പ്ളാൻ തയ്യാറാക്കൽ. പൗരരേഖ പ്രസിദ്ധപ്പെടുത്തൽ<br>• ഓഫീസിനകവും പുറവും വൃത്തിയും വെടിപ്പും. ജീവനക്കാർക്ക് പണിയെടുക്കുവാനുള്ള അന്തരീക്ഷം<br>• പൊതു ജനങ്ങൾക്ക് മികച്ച സേവനം കുടിവെള്ളം ശുചിത്വ സൗകര്യങ്ങൾ<br>• നേടിയ നേട്ടങ്ങൾ നിലനിർത്തുന്നതിന് പരിപാടി | • ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി<br>• ബ്ളോക്ക് പഞ്ചായത്ത് തല ഓഫീസ് മേധാവികൾ | **ജീവനക്കാരുടെ വർക്ക് ഷോപ്പിൽ പ്രവർത്തനം ഉരുത്തിരിഞ്ഞു വരണം** |
| 9. | മത്സരങ്ങൾ<br>• പൊതു ജനങ്ങൾ<br>• കോളേജ്<br>• സ്കൂൾ തലം | ഗ്രാമ പഞ്ചായത്ത് തലത്തിൽ നടത്തുന്ന തെരഞ്ഞെടുത്ത ഇനങ്ങളുടെ ബ്ളോക്കു തല മത്സരം. | ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | പൊതു മത്സര ഇനങ്ങളും വിദ്യാർത്ഥികൾക്ക് വിവിധ തലങ്ങളിലുള്ള മത്സരങ്ങളും മുൻകൂട്ടി നിശ്ചയിക്കണം. ഗ്രാമ പഞ്ചായത്തുകളിൽ അതനുസരിച്ച് മത്സരങ്ങളുടെ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ക്രമീകരണം നടത്താം. | |
| | 10 | NSS/NCC/MPKBY /NREG/ കുടുംബശ്രീ പ്രവർത്തനങ്ങൾ | ശുചീകരണ പ്രവർത്തനങ്ങൾ ശുചിത്വ കാമ്പയിനുകൾ | ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | ഓരോ വിഭാഗങ്ങൾക്കും ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ സംഘാടന യോഗം ചേർന്ന് തീരുമാനിക്കാവുന്നതാണ്. ചുമതലകൾ നൽകണം. | |
| | 11. | ടെക്നോളജി വർക്ക് ഷോപ്പ് ജന പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും | സാനിട്ടേഷൻ മേഖലയിലെ അനുയോജ്യമായ ടെക്നോളജികൾ പരിചയപ്പെടുത്തുന്നു. ചർച്ച | ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | വിദഗ്ധരായവരെയും ടെക്നോളജി പ്രൊവൈഡർമാരേയും ക്ഷണിച്ച് ക്ളാസ്സുകൾ എടുപ്പിക്കാം. മോഡലുകൾ പരിചയപ്പെടുത്താം. | |
| നഗരസഭ/ഗ്രാമ പഞ്ചായത്ത് | 1. | ഉദ്ഘാടന യോഗങ്ങൾ | ഒരു പ്രധാന പ്രവർത്തനത്തിന്റെ ഉദ്ഘാടനം നടത്തുന്നു. | നഗരസഭ/ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | എം.പി/എം.എൽ.എ. മാരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ഉദ്ഘാടനം. | ഒക്ടോബർ 2 |
| | 2. | ശുചിത്വ സന്ദേശ യാത്രകൾ | നഗരസഭ/ പഞ്ചായത്ത് തല സന്ദേശം | സെക്രട്ടറി | നഗരസഭ/ഗ്രാമ പഞ്ചായത്ത് പ്രധാന മേഖലയിൽ ശുചിത്വ പ്രശ്നമുള്ള സ്ഥലത്ത് അവസാനിക്കുകയും ചെറിയ യോഗവുമാകാം. ജന പ്രതിനിധികൾ ഉദ്യോഗസ്ഥർ/ എൻ.ജി.ഒ./ കുട്ടികൾ എന്നിവരുടെ പ്രാതിനിത്യത്തോടെ | സമയക്രമം നഗരസഭ/ ഗ്രാമ പഞ്ചായത്ത് തലത്തിൽ തീരുമാനിക്കും ഒക്ടോബർ 2 നവംബർ 4 |
| | 3. | പൊതുശുചീകരണ പ്രവർത്തനങ്ങൾ | NSS/NCC/ കുടുംബ ശ്രീ /തൊഴിലുറപ്പ് പദ്ധതി പ്രവർത്തകരുടെ നേതൃത്വത്തിൽ | സെക്രട്ടറി | ഓരോ വിഭാഗങ്ങൾക്കും ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ സംഘാടന യോഗം ചേർന്ന് തീരുമാനിക്കാവുന്നതാണ്. ചുമതലകൾ നൽകണം. | |
| | 4. | കോളേജ്/HSS/HS/ITI/ Poly Tech. എൽ.പി./യു.പി. സ്കൂളുകളുടെ ശുചിത്വ സൗകര്യം വിലയിരുത്തലും ആവശ്യകതാ നിർണയവും | കുട്ടികളുടെ പ്രോജക്ട്- ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിലും (അൺ എയ്ഡഡ് സ്കൂളിലും സംഘടിപ്പിക്കാം) | സെക്രട്ടറി | പഠന പ്രവർത്തനമായി സംഘടിപ്പിക്കാം. സ്ഥാപന ചുമതലക്കാരുടെ ചർച്ചയിൽ രീതിശാസ്ത്രം തീരുമാനിക്കാം | |
| | 5. | അങ്കണവാടി ശുചിത്വം വിലയിരുത്തലും ആവശ്യകതാ നിർണയവും | ഓരോ അങ്കണവാടി തല റിപ്പോർട്ട് തയ്യാറാക്കുക അത് സംയോജിപ്പിച്ച് നഗരസഭ/ഗ്രാമ പഞ്ചായത്ത് | CDPO, ICDS സൂപ്പർ വൈസർ | TAG അംഗങ്ങൾ. വർക്കിംഗ് ഗ്രൂപ്പ്. ICDS ഉദ്യോഗസ്ഥർ. പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലയിൽ | |

| | | | | | | |
|---|---|---|---|---|---|---|
| | | | തല സ്റ്റാറ്റസ് റിപ്പോർട്ടാക്കുകയും വേണം. | | സംഘടിപ്പിക്കണം 2012-13 സാമ്പത്തിക വർഷത്തെ പ്ലാൻ പ്രോജക്ടായി ഉൾപ്പെടുത്താം റ്റി.എസ്.സി ഫണ്ടും പ്രയോജനപ്പെടുത്തണം. | |
| | 6. | പി.എച്ച്. സെന്ററുകളുടെ ശുചിത്വ സ്ഥിതി അവലോകനം വേണ്ടുന്ന സൗകര്യങ്ങൾ നിർണയിക്കൽ (അലോപ്പതി/ഹോമിയോ/ആയുർവേദം) | പ്രോജക്ട് തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന് സമർപ്പിക്കുന്നു. | ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ | ക്ഷേമ കാര്യ / ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി, ആരോഗ്യ വിഷയം - പ്രവർത്തക കമ്മിറ്റി. TAG ഉദ്യോഗസ്ഥർ ചേർത്ത്, ഉപഭോക്താക്കളുമായുള്ള ചർച്ചയ്ക്ക് ശേഷം | |
| | 7. | നഗരസഭ/ ഗ്രാമ പഞ്ചായത്ത് ഓഫീസ്, കൈമാറ്റം ചെയ്തു കിട്ടിയ സ്ഥാപനങ്ങളിലെയും ശുചീകരണ പ്രവർത്തനങ്ങൾ | • ഗവേർണൻസ് പ്ലാൻ തയ്യാറാക്കൽ, പൗരരേഖ പ്രസിദ്ധപ്പെടുന്നത്<br>• ഓഫീസിനകവും പുറവും വൃത്തിയും വെടിപ്പും. ജീവനക്കാർക്ക് പണിയെടുക്കുവാനുള്ള അന്തരീക്ഷം<br>• പൊതു ജനങ്ങൾക്ക് മികച്ച സേവനം കുടിവെള്ളം ശുചിത്വ സൗകര്യങ്ങൾ<br>• നേടിയ നേട്ടങ്ങൾ നിലനിർത്തുന്ന പരിപാടി | ഓഫീസ് മേധാവികൾ | • കൗൺസിൽ/കമ്മിറ്റി ചർച്ച<br>• ഗവേർണൻസ് പ്ലാൻ തയ്യാറാക്കുന്നതിന് വർക്കിങ്ങ് ഗ്രൂപ്പ് ചുമതല<br>• **പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തൽ എങ്ങനെ മെച്ചപ്പെട്ട സേവനം പൗരന് നൽകാം**<br>• ജീവനക്കാരുടെ പങ്കാളിത്തത്തോടെ ചർച്ച | |
| | 8. | നഗരസഭ/ഗ്രാമ പഞ്ചായത്തിലെ ഖര ദ്രവ മാലിന്യ സംസ്കരണം എങ്ങനെ? സെമിനാർ | • നഗരസഭ/ഗ്രാമ പഞ്ചായത്തിലെ പ്രശ്നം വിലയിരുത്തൽ<br>• മാലിന്യ നിർമ്മാർജനം പ്ലാൻ<br>• അനുയോജ്യമായ സാങ്കേതിക പരിഹാരം കണ്ടെത്തൽ | സെക്രട്ടറി | • സ്റ്റേക്ക് ഹോൾഡർ വർക്ക്ഷോപ്പായി സംഘടിപ്പിക്കാം<br>• മാലിന്യ നിർമാർജന സാങ്കേതിക വിദ്യകൾ പരിചയപ്പെടാൻ അവസരം<br>• സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വം നൽകണം | |

| | | | | | |
|---|---|---|---|---|---|
| 9. | കുടുംബശ്രീ എ.ഡി.എസ് അയൽകൂട്ട തല പരിപാടികൾ | • ADS ന്റെ നേതൃത്വത്തിൽ എല്ലാ വാർഡിലും ഒരു പരിപാടി<br>• എല്ലാ അയൽകൂട്ടങ്ങളിലും ചർച്ച<br>• അയൽക്കൂട്ട ചർച്ചയുടെ ഭാഗമായി ഏറ്റെടുക്കാവുന്ന ശുചീകരണ പരിപാടി/ പ്രവർത്തി കണ്ടെത്തുന്നു.<br>• ഇതിൽ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യാവുന്നത് കണ്ടെത്തി നിർവഹണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നു. | • കുടുംബശ്രീ സി.ഡി.എസ്<br>• മെമ്പർ സെക്രട്ടറി<br>• അയൽകൂട്ട ചർച്ചയ്ക്കുള്ള കുറിപ്പ് മെമ്പർ സെക്രട്ടറി തയ്യാറാക്കി നൽകണം | • സി.ഡി.എസ്. എക്സിക്യൂട്ടീവ് ചർച്ച<br>• എ.ഡി.എസ്. ചർച്ച & പ്ളാനിങ്ങ്<br>• അയൽകൂട്ട ചർച്ച ശുചിത്വവുമായി ബന്ധപ്പെടുത്തി ഏറ്റെടുക്കാവുന്ന പ്രവർത്തികൾ കണ്ടെത്തുന്നു.<br>• തൊഴിലുറപ്പ് പദ്ധതി ലേബർ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നു. | |
| 10 | നഗരസഭ/ ഗ്രാമ പഞ്ചായത്ത് തല ശുചിത്വ വർക്ക് ഷോപ്പ് | - ശുചിത്വാരോഗ്യ മേഖലയിൽ ഇനിയും ഏറ്റെടുക്കേണ്ട പ്രോജക്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനം രൂപപ്പെടുത്തുന്നു | സെക്രട്ടറി | - സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വം എടുക്കണം<br>- വ്യക്തി- ഗൃഹ- ഗ്രാമ/ നഗരസഭാ തലങ്ങളിൽ നേടിയ നേട്ടങ്ങൾ വിലയിരുത്തുന്നു.<br>- ഇവ നിലനിർത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.<br>- ഇനിയും ആവശ്യമായ സൗകര്യങ്ങൾ ഗാർഹിക കക്കൂസ്, കമ്മ്യൂണിറ്റി കോംപ്ളക്സ്, അങ്കണവാടി, | |

| | | | | | |
|---|---|---|---|---|---|
| | | | | പബ്ളിക് കംഫർട്ട് സ്റ്റേഷൻ, ഖര-ദ്രവ മാലിന്യ സംസ്കരണം, സാനിട്ടറി മാർട്ട് കം- പ്രൊഡക്ഷൻ സെന്റർ, മനോഭാവ മാറ്റത്തിനാവശ്യമായ പ്രവർത്തനങ്ങൾ തുടങ്ങിയവ കണ്ടെത്തുന്നു. | |
| 11. | മത്സരങ്ങൾ<br>1. പൊതുജനങ്ങൾക്ക്<br>2. വിദ്യാർത്ഥികൾക്ക്<br>കോളേജ് തലം<br>സ്കൂൾ തലം | - പൊതു മത്സരങ്ങൾ വിവിധ വിഭാഗം ആൾക്കാർക്കുവേണ്ടി സംഘടിപ്പിക്കുന്നു | സെക്രട്ടറി | • ഓരോ വിഭാഗത്തിനും വേണ്ടിയുള്ള ഇനങ്ങൾ നിശ്ചയിച്ച് മത്സരങ്ങൾ സംഘടിപ്പിക്കാം | |
| 12. | സന്ദേശം കലാരൂപങ്ങളിലൂടെ | - വിവിധ കലാ സങ്കേതങ്ങളു പയോഗിച്ച് ജനങ്ങളിൽ സന്ദേശമെത്തി ക്കുക<br>- വികേന്ദ്രീകൃതമായി മാലിന്യം വേർതിരിക്കലും നിർമ്മാർജ്ജനവും മുഖ്യ സന്ദേശം | സെക്രട്ടറി | • മാലിന്യങ്ങളുടെ വേർതിരിക്കലും മാലിന്യം വികേന്ദ്രീകൃത മായി നിർമ്മാർജ്ജനം ചെയ്യുന്നതും മുഖ്യ സന്ദേശമാക്കി കലാരൂപങ്ങൾ<br>• ഓരോ പ്രദേശത്തിന്റെയും നിലവിലെ സ്ഥിതിയ്ക്കനുസൃതമായ തീം നിശ്ചയിക്കണം. | |
| 13. | അങ്കണവാടി ശുചിത്വകളികൾ പാട്ടുകൾ | - അങ്കണവാടി കുട്ടികളിൽ കളികളിലൂടെ പാട്ടുകളിലൂടെ ശുചിത്വ സന്ദേശമെത്തി ക്കുന്നു. | CDPO, ICDS സൂപ്പർവൈസർ | • ICDS ന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കാം<br>• പാട്ടുകളും കളികളും എസ്.എസ്.എ യുടെ സഹായത്തോടെ തയ്യാറാക്കാം | |
| 14 | മാലിന്യമുക്ത റോഡ് | - നഗരസഭ/ ഗ്രാമ പഞ്ചായത്ത് മാലിന്യ മുക്ത മാതൃക റോഡായി സംരക്ഷിക്കുക | നഗരസഭ/ ഗ്രാമ പഞ്ചായത്ത് | • റസിഡൻസ് അസോസിയേഷനുകളുടെ സഹായത്തോടെ 2-3 മാതൃകാ റോഡ് തീരുമാനിക്കാം. മാതൃകാ മാലിന്യ മുക്ത റോഡായി സംരക്ഷിക്കാൻ നടപടികൾ പ്ളാൻ | |

| | | | | | |
|---|---|---|---|---|---|
| | | | | ചെയ്യണം<br>•വെള്ളം കെട്ടി നിൽക്കാതിരിക്കൽ<br>•ഗട്ടറുകൾ സമയബന്ധിതമായി നന്നാക്കൽ<br>•റോഡ്സൈഡിൽ കാടു പിടിക്കാതിരി ക്കുക<br>•പ്ളാസ്റ്റിക് ചപ്പു ചവറുകൾ നിക്ഷേപിക്കാതിരി ക്കാൻ പരിപാടി<br>• മരങ്ങൾ വച്ചു പിടിപ്പിക്കൽ എന്നിങ്ങനെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക | |
| 15. | ശുചിത്വ പാർലമെന്റ് | - നഗരസഭ/ ഗ്രാമ പഞ്ചായത്ത് ശുചിത്വ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്ന ഓപ്പൺ ഫോറം | നഗരസഭ/ഗ്രാമ പഞ്ചായത്ത് | • മോക്ക് പാർലമെന്റായോ, ഓപ്പൺ ഫോറമായോ സംഘടിപ്പിക്കാം. ശുചിത്വവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ/ പ്രമേയങ്ങൾ മുൻകൂട്ടി ക്ഷണിക്കാം. സ്കൂൾ/ കോളേജ് കുട്ടികളെയും ഇതിലേക്ക് ക്ഷണിക്കാം. | |
| 16. | പ്ളാസ്റ്റിക് കളക്ഷൻ കാമ്പയിൻ | വാർഡുതലത്തിൽ പ്ളാസ്റ്റിക് കളക്ട് ചെയ്ത് നശിപ്പിക്കൽ | നഗരസഭ/ ഗ്രാമ പഞ്ചായത്ത് സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, ഇതര സ്ഥാപനങ്ങൾ | • ഷ്റെഡിങ്ങ് മെഷീനിന്റെ ലഭ്യതയനുസരിച്ച് പ്ളാൻ ചെയ്യണം | |
| 17. | പ്ളാസ്റ്റിക് വിമുക്ത സ്കൂൾ, കോളേജ് കാമ്പസുകൾ | സ്കൂൾ/ കോളേജ് കാമ്പസുകളിൽ ബോധവത്കരണം പ്ളാസ്റ്റിക് കവറുകൾ ഒഴിവാക്കണം. നോട്ടീസ്, സ്റ്റിക്കറുകൾ | സ്കൂൾ/കോളേജ് മേധാവികൾ | • സ്കൂൾ/കോളേജുകളിൽ പ്ളാസ്റ്റിക്കിനു പകരം ഭംഗിയുള്ള തുണി സഞ്ചികൾ വിതരണം (സ്പോൺസർഷിപ്പിലൂടെ ) ശുചിത്വ ഗ്രീറ്റിങ്ങ്സ് | |